പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 3

# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 3

പ്രസിദ്ധപ്പെടുത്തിയത് - 09.06.2021

# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

## 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.— 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റും (1994-ലെ 20) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.— ഈ ആക്റ്റിന് 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 1994-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.— 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13),—

(1) 2-ാം വകുപ്പിൽ, (xviii) -ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xviii എ) "ഹരിത കെട്ടിടം" എന്നാൽ ഊർജ്ജം, ജലം, മറ്റു വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിലും സൗരോർജ്ജം പോലെയുള്ള പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗത്തിലും കാര്യക്ഷമമായതും, മലിനീകരണവും മാലിന്യ ഉല്പാദനവും കുറയ്ക്കുകയും ഉല്പാദിപ്പിക്കപ്പെട്ട മാലിന്യങ്ങളുടെ പുനരുപയോഗവും റീസൈക്ലിംഗും സാധ്യമാക്കുകയും, ഊർജ്ജകാര്യക്ഷമത പരമാവധി നൽകുകയും, പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുകയും, താമസക്കാർക്ക് ആരോഗ്യകരമായ ഇടം നൽകുകയും ഗുണമേന്മയുള്ള അന്തരീക്ഷ വായു പ്രദാനം ചെയ്യുകയും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് പരിസ്ഥിതിയും അധിവസിക്കുന്നവരുടെ ജീവിതത്തിന്റെ

ഗുണമേന്മയും പരിഗണിക്കുന്നതും, വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുകയും മാറുന്ന പരിസ്ഥിതിക്കനുസരിച്ച് അനുരൂപമാകാൻ സാധ്യമാകുന്ന വിധത്തിൽ രൂപകല്പന ചെയ്യുതുമായ കെട്ടിടം അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പരിസ്ഥിതി സൗഹൃദമായ മറ്റ് കെട്ടിടം എന്നർത്ഥമാകുന്നു.

<u>*കുറിപ്പ്*</u> :—ഏതൊരു വിനിയോഗഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്." ;

(2) 203-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ, (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(vi എ) 2-ാം വകുപ്പ് (xviii എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം.".

3. <u>1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.</u>— 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20),—

(1) 2-ാം വകുപ്പിൽ, (18)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(18 എ) "ഹരിത കെട്ടിടം" എന്നാൽ ഊർജ്ജം ജലം മറ്റു വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിലും സൗരോർജ്ജം പോലെയുള്ള പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗത്തിലും കാര്യക്ഷമമായതും, മലിനീകരണവും മാലിന്യ ഉല്പാദനവും കുറയ്ക്കുകയും, ഉല്പാദിപ്പിക്കപ്പെട്ട മാലിന്യങ്ങളുടെ പുനരുപയോഗവും റീസൈക്ലിംഗും സാധ്യമാക്കുകയും, ഊർജ്ജകാര്യക്ഷമത പരമാവധി നൽകുകയും, പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുകയും, താമസക്കാർക്ക് ആരോഗ്യകരമായ ഇടം നൽകുകയും, ഗുണമേന്മയുള്ള അന്തരീക്ഷ വായു പ്രദാനം ചെയ്യുകയും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് പരിസ്ഥിതിയും അധിവസിക്കുന്നവരുടെ ജീവിതത്തിന്റെ ഗുണമേന്മയും പരിഗണിക്കുന്നതും, വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുകയും മാറുന്ന പരിസ്ഥിതിക്കനുസരിച്ച് അനുരൂപമാകാൻ സാധ്യമാകുന്ന വിധത്തിൽ രൂപകല്പന ചെയ്യുതുമായ കെട്ടിടം അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പരിസ്ഥിതി സൗഹൃദമായ മറ്റ് കെട്ടിടം എന്നർത്ഥമാകുന്നു.

*കുറിപ്പ്* :—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്." ;

(2) 233-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(vi എ) 2-ാം വകുപ്പിൽ (18 എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം".

## 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും ഈ ബിൽ കേരള നിയമസഭയിൽ അവതരിപ്പിച്ച തീയതിയിലും അത് മുതലും പ്രാബല്യം ഉണ്ടായിരിക്കേണ്ടത് പൊതുതാല്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2021-2022 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം, 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റും (1994-ലെ 20) ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (xviii എ) ഖണ്ഡം, പരിസ്ഥിതി സൗഹൃദമായ മറ്റു കെട്ടിടം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (18 എ) ഖണ്ഡം, പരിസ്ഥിതി സൗഹൃദമായ മറ്റു കെട്ടിടം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ ഭരണപരമോ, സാധാരണ സ്വഭാവത്തോടുകൂടിയതോ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. എൻ. ബാലഗോപാൽ.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം—

** ** ** **

(xviii) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

** ** ** **

203. വസ്തു നികുതി.—(1) ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമപഞ്ചായത്തും പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്.

** ** ** **

(7) (6)-ാം ഉപവകുപ്പ് പ്രകാരം കണക്കാക്കിയ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ,—

** ** ** **

(vi) കെട്ടിടത്തിന്റെ തറയുടെ നിർമ്മിതി;

** ** ** **

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ (1994-ലെ 20)നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(18) "മാലിന്യം" എന്നതിൽ അഴുക്കുവെള്ളം, വിസർജ്ജ വസ്തുക്കൾ, ചാണകം, ചീഞ്ഞതും ചീയിക്കുന്നതുമായ സാധനങ്ങൾ ഇവയും നീക്കം ചെയ്യാത്തപക്ഷം പൊതു ആരോഗ്യത്തിന് ഹാനികരമാകുന്ന മറ്റെല്ലാ വസ്തുക്കളും ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

233. <u>വസ്തു നികുതി</u>.—(1) ഏതൊരു മുനിസിപ്പാലിറ്റിയുടെ കൗൺസിലും അതതു മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്ടിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്.

** ** ** **

(7) (6)-ാം ഉപവകുപ്പ് പ്രകാരം കണക്കാക്കിയ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ,—

** ** ** **

(vi) കെട്ടിടത്തിന്റെ തറയുടെ നിർമ്മിതി;

** ** ** **